**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4004** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആയുർവേദ ചികിത്സാ രീതികളെക്കുറിച്ച് വ്യാജപ്രചാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആയുർവേദം വ്യാജശാസ്ത്രമാണെന്നും മരുന്നുകൾ കരൾ, കിഡ്നി രോഗങ്ങൾ ഉണ്ടാക്കുന്നുവെന്നുമുള്ള തരത്തിൽ പൊതുജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുന്ന വിധം ചില വ്യക്തികൾ സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മോഡേൺ മെഡിസിൻ ഡോക്ടർമാരായ ചില വ്യക്തികൾ സമൂഹമാധ്യമങ്ങളിൽ ആയുർവേദ വൈദ്യശാസ്ത്രത്തിനെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന പ്രചരണം നടത്തുന്നുവെന്ന് കാണിച്ച് പരാതി ലഭിച്ചിട്ടുണ്ട്. മേൽ ഡോക്ടർമാർ മോഡേൺ മെഡിസിൻ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആയതിനാൽ ടിയാളുകൾക്ക് എതിരെ നടപടി സ്വീകരിക്കുന്നതിനായി മോഡേൺ മെഡിസിൻ കൗൺസിലിനു പരാതി കൈമാറിയിരുന്നു. എന്നാൽ നിലവിൽ മോഡേൺ മെഡിസിൻ ഡോക്ടർമാർക്ക് ബാധകമാകുന്ന നിയമങ്ങളോ ചട്ടങ്ങളോ പ്രകാരം ഇതര വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട് മോഡേൺ മെഡിസിൻ ഡോക്ടർമാർ സമൂഹമാധ്യമങ്ങളിൽ നടത്തുന്ന അഭിപ്രായ പ്രകടനങ്ങൾക്ക് എതിരെ നടപടി പ്രായോഗികമല്ലാത്തതിനാലും സമൂഹ മാധ്യമങ്ങളിൽ നടത്തുന്ന ഇത്തരം അഭിപ്രായ പ്രകടനങ്ങളിൽ ഇടപെടുന്നതിനും നടപടി സ്വീകരിക്കുന്നതിനും നിലവിൽ കൃത്യമായ വ്യവസ്ഥയില്ലാത്തതിനാലും ഈ പരാതികളിൽ തുടർ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന് മോഡേൺ മെഡിസിൻ കൗൺസിൽ തീരുമാനിച്ചതായി രജിസ്ട്രാർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള പ്രചാരണം ആഗോള പ്രശസ്തി നേടിയിട്ടുള്ള ആയുർവേദത്തെയും ഔഷധ നിർമ്മാതാക്കളെയും ഔഷധസസ്യ കർഷകരെയും ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മറുപടി (എ)പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | വ്യത്യസ്ത വൈദ്യശാസ്ത്രങ്ങൾ തമ്മിലുള്ള ഇത്തരം പഴിചാരൽ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് എന്നത് കൗൺസിൽ ഓഫ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ കൗൺസിൽ, മോഡേൺ മെഡിസിൻ കൗൺസിൽ |

| | | | |
|---|---|---|---|
| | | | എന്നീ നിലയിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന മൂന്ന് വ്യത്യസ്തമായ കൗൺസിലുകൾ ചേർന്നതാണ്. ആയതിനാൽ ഇത്തരത്തിൽ പരസ്പരമുള്ള പഴിചാരലുകൾ ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിക്കാൻ KSMP Act 2021, NCISM Act 2020 എന്നിവ പ്രകാരം വ്യവസ്ഥയില്ലായെന്ന് രജിസ്ട്രാർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>സാമൂഹ്യമാധ്യമത്തിലൂടെ ആയുർവേദത്തിന് എതിരായ നിഷേധാത്മക പ്രചരണങ്ങൾ തടയുന്നതിനും ചെറുക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഈ വിഷയം ചർച്ച ചെയ്യുന്നതിന് ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ 01.03.2024-ന് ഒരു യോഗം ചേർന്ന് ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ കൈക്കൊണ്ടു.<br><br>1. ആയുർവേദത്തിന്റെ പ്രാധാന്യം, ഗുണമേന്മ എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.<br><br>2. സൈബർ സ്പേസിൽ നടക്കുന്ന അസത്യപ്രചാരണങ്ങളെപ്പറ്റി എതിർക്കാൻ പറ്റുന്ന രീതിയിലുള്ള പ്രചാരണങ്ങൾ നടത്തുക.<br><br>3. ആയുർവേദ ചികിത്സയുടെ ഗുണങ്ങളെപ്പറ്റി കൂടുതൽ വിശദമായിട്ടുള്ള ചർച്ചകൾ നടത്തി പൊതുജനത്തെ ബോധവൽക്കരിക്കുക.<br><br>4. ആയുർവേദ ചികിത്സയുടെ ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിന് ഗവൺമെന്റ് മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ഔഷധനിർമ്മാണ കമ്പനികൾ ഒത്ത് ചേർന്ന് നടപടികൾ സ്വീകരിക്കുക.<br><br>01.03.2024 ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയമായ ആയുർവേദ ഔഷധങ്ങളെപ്പറ്റിയും അനുബന്ധ പഠന റിപ്പോർട്ടുകളെപ്പറ്റിയും പരിശോധനയും പഠനവും നടത്തുന്നതിനായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന വിദഗ്ദസമിതിയിലേക്ക് പരിഗണിക്കുന്നവരെ നാമനിർദ്ദേശം ചെയ്യുന്നതിനായി അംഗങ്ങളുടെ പാനൽ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | ഇത്തരത്തിൽ സാമൂഹ്യമാധ്യമങ്ങൾ വഴി പൊതു ജനങ്ങളിൽ പരിഭ്രാന്തി പരത്തുന്ന തരത്തിൽ പ്രചാരണം നടത്തുന്നവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | മറുപടി (സി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ